കോഴ്സ് പാസാകണമെന്നാണ് പറയുന്നത്. അതുകൊണ്ട് അവരുടെ പഠനം വകവച്ചുകൊണ്ട് ആ പെഡഗോഗിക്കൽ വല്ല സഹായസഹകരണവും ചെയ്തുകൊടുക്കാൻ ഗവൺമെൻറിന് ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ബഹുമാനപ്പെട്ട മെംബറുടെ പ്രസ് താവനയിൽ ചെറിയ ഒരു പിശകുണ്ട്. അവരെ ടി. ടി. സി. ക്ക് പഠി പ്പിക്കുന്നില്ല. ആ കോഴ്സിനു പഠിക്കുവന്നവർ അവർക്ക് പൂർണ്ണമായ ശമ്പളം കിട്ടണമെന്നുംമറും കാണിച്ച് നിവേദനം തന്നിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ പഠനകാലത്ത് അവർക്ക് 50 രൂപയേ സ്റ്റൈപ്പൻറ് കിട്ടുന്നുള്ളു. 100-ഉം 120-ഉം രൂപ ശമ്പളം വാങ്ങിച്ചു കൊണ്ടിരുന്ന ആളുകളും ഈ 50 രൂപ കിട്ടുന്നതുമൂലം കഷ്ടപ്പെടുന്നുണ്ടെ ന്നുള്ളത് ഗവൺമെൻറിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അത് അറിയാം. ഈ കാലം അവരുടെ പ്രാളിഫിക്കേഷൻ പൂർത്തിയാക്കാനുള്ള സമയമായതുകൊണ്ടാണ് സ്റ്റൈപ്പൻറ് കൊടുക്കുന്നത്. ട്രെയിനിംഗ് സമയത്ത് ശമ്പളം കൊടുക്കണമോ എന്നുള്ള കാര്യം ഗവൺമെൻറ് തീരുമാനിച്ചിട്ടില്ല.

പോലീസ് വെടിവയ്പ്പും മർദ്ദനങ്ങളും

*14 [28] ശ്രീ. പാലൊളി മുഹമ്മദുകുട്ടി:
,, എം. രാമുണ്ണി:
,, കെ. കെ. അബ്യു:
,, വി. എസ്. അച്യുതാനന്ദൻ:
,, ഈ. ബാലാനന്ദൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, പി. എൻ. ചന്ദ്രസേനൻ:
,, ഈ. ടി. കുഞ്ഞൻ:
,, ആർ. കൃഷ്ണൻ (ആലത്തൂർ):
,, സി. കണ്ണൻ:
,, ആർ. കൃഷ്ണൻ (പാലക്കാട്):
,, എം. കെ. ദിവാകരൻ:
,, എൻ. പ്രഭാകരത്തണ്ടാർ:
,, എം. കെ. കൃഷ്ണൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരം ഏറ്റെടുത്തതിനുശേഷം സംസ്ഥാ നത്ത് പോലീസ് ഭാഗത്തുനിന്നും വെടിവയ്പ്പും, മർദ്ദനങ്ങളും നടന്ന തിനെപ്പറ്റി എത്ര ആക്ഷേപങ്ങൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പോലീസ് മർദ്ദനങ്ങളുടേയും, വെടിവയ്പ്പിൻേറയും ഫലമായി എത്രപേർ മരിക്കുകയും, പരുക്കേൽക്കുകയും ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പിക്കറ്റ് ചെയ്തവരുടെ മേൽ വെടിവെയ്പു നടത്തത്തക്ക സാഹചര്യമൊന്നുമുണ്ടായിരുന്നില്ലെന്നുള്ള അഭിപ്രായം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഡി) 1967–നുശേഷം ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതു വരെ ഏതെല്ലാം രാക്ഷ്ട്രീയ സംഘടനകളും കളക്ടറേറ്റ് പിക്കറ്റിംഗ് നടത്തുകയുണ്ടായിട്ടുണ്ട്; ഏതേതു തീയതികളിൽ;

(ഈ) അവയിലോരോന്നിലും എത്രപേർ വീതം പങ്കെടുത്തു;

(എഫ്) അവയുടെ നേർക്കു പോലീസ് മർദ്ദനങ്ങളും ഉണ്ടായിട്ടുണ്ടോ;

(ജി) പാലക്കാട്ട് നടന്ന വെടിവെയ്പ്പ് യാതൊരു മുന്നറിയിപ്പും കൂടാതെയാണെന്ന് ഗവൺമെൻറിനറിയാമോ;

(എച്ച്) മരിച്ചവർക്കും അംഗവൈകല്യം വന്നവർക്കും യാതൊരു സഹായ ധനവും നൽകാത്തതെന്തുകൊണ്ടാണ്;

(ഐ) ഡിസംബർ ഒന്നാം തീയതിയിലെ വെടിവയ്പ്പിൽ എത്രപേർ മരണമടഞ്ഞു;

(ജെ) മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന അന്നത്തെ സമരത്തിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങളും എന്തൊക്കെയായിരുന്നു?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) പല ആക്ഷേപങ്ങളും പ്രമേയങ്ങളും ലഭിച്ചിട്ടുണ്ട്. അതിന്റെ കൃത്യമായ കണക്കുകളും വച്ചിട്ടില്ല.

(ബി) നാലുപേർ വെടിവയ്പ്പിൽ മരിച്ചു. ഇരുന്നൂറ്റിപത്തൊൻപതു പേർക്ക് ലാത്തിച്ചാർജിലും അഞ്ചുപേർക്ക് വെടിവയ്പ്പിലും പരുക്കുപറ്റി.

(സി) 1969 ഡിസംബർ പതിനേഴാംതീയതി പാലക്കാട്ടും കോഴിക്കോട്ടും ഉണ്ടായ പോലീസ് വെടിവയ്പ്പിനും ലാത്തിച്ചാർജിനും ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗവൺമെൻറ് ഒരു എൻക്വയറി കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പായി ഇതിനെപ്പറ്റി ഒരു അഭിപ്രായം പ്രകടിപ്പിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല.

(ഡി, ഈ, എഫ്.) കളക്ടറേറ്റിൽ ഇതിനെ സംബന്ധിച്ച കണക്കുകളും വെയ്ക്കാത്തതുകൊണ്ട് ഈ വിവരം ശേഖരിക്കുക പ്രയാസമാണ്.

(ജി) പാലക്കാട് വെടിവയ്പ്പിനും ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് ഒരു എൻക്വയറി കമ്മീഷൻ അന്വേഷണം നടത്തുകയാണ്. ആയതുകൊണ്ട് ഗവൺമെൻറ് ഇപ്പോൾ ഇതിനെപ്പറ്റി ഒന്നും പറയുവാൻ ഉദ്ദേശിക്കുന്നില്ല.

(എച്ച്) ധനസഹായത്തിനുവേണ്ടി അഭ്യർത്ഥനകളൊന്നും ലഭിച്ചിട്ടില്ല. ഗവൺമെൻറ് സ്വമേധയാ വല്ലതും ചെയ്യണമോ എന്ന് അന്വേഷണത്തിനു ശേഷമേ തീരുമാനിക്കുകയുള്ളൂ.

(ഐ) നാലുപേർ.

(ജെ) ലെജിസ്ലേറ്റീവ് അസംബ്ളി ഉടനെ വിളിച്ചുകൂട്ടി ഭരണകക്ഷിയുടെ ഭൂരിപക്ഷം തെളിയിക്കണമെന്നായിരുന്നു പ്രധാന ആവശ്യം.

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി: രണ്ടുമൂന്ന് ലാത്തിച്ചാർജുകളും നടത്തിയെന്നും പ്രത്യേകിച്ചും മുസ്ലീം പള്ളിയിൽ പ്രാർത്ഥന നടത്തിക്കൊണ്ടിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെപ്പോലും ലാത്തിച്ചാർജിൽനിന്ന് ഒഴിവാക്കിയിട്ടില്ലെന്നുമുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെയൊക്കെ ചില പ്രചാരവേലകളും നടത്തിയിരുന്നു. എന്നാൽ പള്ളിയുടെ ഇമാം തന്നെ അത് നിഷേധിച്ചപ്പോഴും ആ കുമിളയും പൊട്ടിപ്പോയി.

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി: ഈ കാര്യം മുസ്ലീം ലീഗിന്റെ നേതൃത്വത്തിൽ നടത്തുന്ന ചന്ദ്രികാ പത്രത്തിൽ വന്നിട്ടുള്ളത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പത്രങ്ങളിൽ വന്ന റിപ്പോർട്ട് ഞാൻ വായിച്ചിട്ടുണ്ട്. മറ്റ് പത്രങ്ങളിൽ വന്നതുപോലെ ചന്ദ്രികയിലും വന്നിട്ടുണ്ട്. ഞാൻ ഇപ്പോഴും പറഞ്ഞ പ്രസ്താവനയും ചന്ദ്രികയിൽതന്നെയാണ് വന്നിട്ടുള്ളത്.

ശ്രീ. പി. രാമുണ്ണി: നമ്പൂതിരിപ്പാട് ഗവൺമെൻറിന്റെ പോലീസ് നയത്തിൽ ഈ ഗവൺമെൻറ് വരുത്തിയിട്ടുള്ള വ്യതിയാനങ്ങളും എന്തൊക്കെയാണ്, പോലീസ്കാർക്ക് കൊടുത്തിട്ടുള്ള നിർദ്ദേശങ്ങളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പോലീസ് നയത്തിൽ കാര്യമായ വ്യതിയാനങ്ങളും വരുത്തിയിട്ടില്ല. പോലീസ്കാർക്ക് അപ്പോഴപ്പോഴും കൊടുക്കുന്ന നിർദ്ദേശങ്ങളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുക സാധ്യമല്ല.

ശ്രീ. കെ. കെ. അബു: പാലക്കാട് നടന്ന വെടിവയ്പ്പ് അര മണിക്കൂർ കൂടി കഴിഞ്ഞാൽ വെടിവയ്പ്പില്ലാതെതന്നെ കാര്യം കലാശിക്കുവാൻ സാധിക്കുന്ന അന്തരീക്ഷം അവിടെ ഉണ്ടായിരുന്നിട്ടും പോലീസ് അപാകത കാണിച്ചതിൽ ഗവൺമെൻറിന് വല്ലതും പറയുവാൻ ഉണ്ടോ? അതോടൊപ്പം ....

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: രണ്ടുമൂന്ന് ചോദ്യങ്ങളും ഒന്നിച്ച് ചോദിച്ചാൽ വിഷമമാണ്. ഈ ചോദ്യം അവിടെ നടത്തിക്കൊണ്ടിരിക്കുന്ന അന്വേഷണത്തിന്റെ വിധി പറയുകയാണ്.

ശ്രീ. കെ. കെ. അബു: അന്വേഷണത്തിന് ഉത്തരവിടുന്നതിന് മുമ്പ്തന്നെ മുഖ്യമന്ത്രിയും ആഭ്യന്തരകാര്യമന്ത്രിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് ന്യായമാണെന്ന സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അത് ഈ കേസിനേയും അന്വേഷണത്തിനേയും ബാധിക്കുകയില്ലെന്നാണോ പറയുന്നത്?

ശ്രീ. സി. എച്ച് മുഹമ്മദ്കോയ: അങ്ങനെ ഒരു പ്രത്യേക സാഹചര്യത്തിൽ എൻക്വയറി നടത്തുന്നതിന് വേണ്ടി പോലീസിന്റെ ഭാഗം ന്യായമാണെന്ന് മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും പറഞ്ഞിട്ടില്ല.

ശ്രീ. ഈ. ബാലാനന്ദൻ: ഗവൺമെൻറ് ആഫീസുകളുടെ മുൻപിൽ തക്കതായ ആവശ്യം ഉന്നയിച്ചുകൊണ്ട് സമാധാനപരമായി പിക്കറ്റ് ചെയ്തത് ക്രമവിരുദ്ധമാണെന്നാണോ ഗവൺമെൻറ് കരുതുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ ഗവൺമെൻറ് കരുതുന്നില്ലെന്നുള്ളതിന് തെളിവ്, കേരളത്തിൽ നാല് ജില്ലകളിൽ മാത്രമല്ല എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിലും ആയിരക്കണക്കിന് ആളുകളെ പങ്കെടുത്ത പിക്കറ്റിംഗ് നടന്നു; അവിടെയൊന്നും ഇങ്ങനെ സംഭവിച്ചിട്ടില്ലെന്നുള്ളതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേരളത്തിൽ നാലു ജില്ലകളിലല്ല എല്ലായിടത്തും ലാത്തിച്ചാർജ് ഉണ്ടായി എന്ന് പറഞ്ഞാൽ അങ്ങ് നിഷേധിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: എല്ലാ ജില്ലകളിലും ലാത്തിച്ചാർജ് ഉണ്ടായി എന്നുള്ളത് വസ്തുതയല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ലാത്തിച്ചാർജ് നടന്ന സ്ഥലങ്ങളിൽ നാലുമണിവരെ യാതൊരു പ്രകോപനവും ഉണ്ടായിട്ടില്ല നാലുമണിക്ക് ശേഷം തിരുവനന്തപുരത്തുനിന്നും പ്രത്യേക നിർദ്ദേശം കൊടുത്തതനുസരിച്ച് പ്രത്യേക ഉദ്യോഗസ്ഥൻമാർ ഇടപെട്ടത് മൂലമാണ് ലാത്തിച്ചാർജും വെടിവയ്പ്പും ഉണ്ടായിട്ടുള്ളതെന്നും പരാതി ഉണ്ടായിട്ടുണ്ട്. അതേപ്പറ്റി അന്വേഷിച്ച് വേണ്ട നടപടിയെടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെയുള്ള പരാതികളെക്കുറിച്ച് അന്വേഷിക്കുവാൻ നിവൃത്തിയില്ല. തിരുവനന്തപുരത്തുനിന്ന് പ്രത്യേക നിർദ്ദേശം ഇപ്പോഴും കൊടുക്കുന്നില്ല. നാലുമണിക്കുശേഷം കുഴപ്പമുണ്ടായത് തിരുവനന്തപുരത്തുനിന്നും പറഞ്ഞതുകൊണ്ടാണോയെന്നന്വേഷിച്ചിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കോട്ടമൈതാനത്തിന് അടുത്തുള്ള ആശുപത്രിയിൽ മരുന്നു വാങ്ങിക്കൊണ്ട് നിന്ന ആളുകൾവരെ വെടിയേറ്റതായി റിപ്പോർട്ടുണ്ട്. ഇത്രദൂരംവരെ ഓടി വെടിവച്ചതിൽനിന്നും മനുഷ്യരെ മനഃപൂർവ്വം വെടിവച്ച് കുരുതികൊടുക്കുന്നതിനാണെന്ന് വിശ്വസിക്കുന്നതിൽ തെറ്റുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിക്കട്ടെ എന്ന് മാത്രമേ പറയുവാനുള്ളു. വളരെ ദൂരെ ഓടിയാണ് വെടിവച്ചത് എന്നുള്ള വാദങ്ങളൊക്കെ വളരെ വാചാലമായി അന്വേഷണ കോടതിയിൽ ചെന്ന് വാദിക്കാവുന്നതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: എം. എൽ. എ. മാർക്ക് കോടതിയിൽപോയി പറയുവാൻ സാധിക്കാത്തതുകൊണ്ടാണ് നിയമസഭയിൽ പറയുന്നത്. ഉത്തരവാദിത്വത്തോടുകൂടി മറുപടി പറയുവാൻ ഗവൺമെൻറ് തയാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അന്വേഷണ കമ്മീഷൻ മുമ്പാകെ പോയി തെളിവുനൽകാൻ മുതിരാതെ നിയമസഭയിൽ വന്ന് പറയുന്നത് ഉത്തരവാദിത്വബോധമല്ല.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: കോഴിക്കോട്ട് ആശുപത്രിയിൽ വല്ല വരും പിക്കറ്റ് ചെയ്തിരുന്നുവോ? അവിടെ കയറി അടിയ്ക്കുന്നതിനുണ്ടായ സാഹചര്യമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: കോഴിക്കോട്ട് ആശുപത്രിയിൽ കയറി അടിച്ചു എന്ന് പറയുന്നത് ശരിയല്ല. അന്വേഷണകമ്മീഷന്റെ റിപ്പോർട്ട് വരുന്നതിന് മുമ്പ് സാഹചര്യത്തെക്കുറിച്ച് പറയുവാൻ സാധിക്കുകയില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഡിസംബർ ഒന്നാം തീയതി നടന്ന ലാത്തിച്ചാർജും വെടിവയ്പ്പും മുൻകൂട്ടി ആലോചിച്ച് വച്ചതാണെന്ന് ഒരു തോന്നൽ ഉണ്ട്. അത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ആ തോന്നലിന് എന്തോ തകരാറ് ഉള്ളതുകൊണ്ടാണ്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഇപ്പോഴും നടക്കുന്നതിനെക്കാളും ക്രൂരവും പൈശാചികവുമായ മർദ്ദനം നടത്തണമെന്ന് ആഭ്യന്തരമന്ത്രി പോലീസ് ഐ. ജി.യോട് ആവശ്യപ്പെട്ടതായും ഇതിനെക്കാളും കൂടുതൽ മർദ്ദനം നടത്തുവാൻ പ്രയാസമാണെന്ന് ഐ. ജി. പറഞ്ഞതായും കേൾക്കുന്നത് ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പോലീസ് ഐ. ജി.യും ആഭ്യന്തര മന്ത്രിയും തമ്മിൽ നടക്കുന്ന സംഭാഷണങ്ങളും ചന്ദ്രസേനനു ലഭിക്കുന്ന മാർഗ്ഗങ്ങളും ഏതാണെന്ന് എനിക്ക് അറിവില്ല.

ശ്രീ. എ. വി. ആര്യൻ: ചോദ്യത്തിനു മറുപടി പറഞ്ഞില്ല.

മി. സ്പീക്കർ: ചോദ്യത്തിന്റെ രീതി അനുസരിച്ചുള്ള മറുപടി പറഞ്ഞു.

ശ്രീമതി. കെ. ആർ. ഗൗരി: ചന്ദ്രസേനന് എങ്ങനെ അറിവുകിട്ടി എന്നു ചോദിക്കുകയാണ് ചെയ്തത്; അങ്ങനെ ഒഴിഞ്ഞ് മാറുന്നത് ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: 'ഹിയർസേ' അടിസ്ഥാനപ്പെടുത്തിയുള്ള ചോദ്യങ്ങളും ചോദിക്കുവാൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്. അങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. ററി. കുഞ്ഞൻ: പാലക്കാട് നടന്ന വെടിവയ്പ്പിൽ യാതൊരു മുന്നറിയിപ്പും കൂടാതെയാണ് വെടിവച്ചത് എന്നും ആശുപത്രി ജീവനക്കാർ വാട്ടർ സപ്ലൈയിലെ ഡ്രൈവറായിട്ടുള്ള ഒരാൾ, ഇവർ മർദ്ദനത്തിന് വിധേയരായിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പാലക്കാട് ആശുപത്രിയിൽ കയറി അടിച്ചതിനെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതൊക്കെ അന്വേഷണകമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): ഇരിഞ്ഞാലക്കുടയിൽ ലാത്തിച്ചാർജ് നടന്ന സമയത്തു ഞാൻ ഉണ്ടായിരുന്നു. അവിടെ യാതൊരു പ്രകോപനവും കൂടാതെയാണ് ലാത്തിച്ചാർജ് നടത്തിയത്, അതുകൂടി അന്വേഷിക്കാൻ ഒരു കമ്മീഷനെ വയ്ക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: എല്ലാ ലാത്തിച്ചാർജിനും അന്വേഷണ കമ്മീഷനെ വയ്ക്കുവാൻ സാധിക്കുകയില്ല.

ശ്രീ. എം. കെ. ദിവാകരൻ: നിയമസഭ ഉടനടി വിളിച്ചു കൂട്ടണമെന്ന് ഒരു ആവശ്യം മാർക്സിസ്റ്റ് പാർട്ടി ഉന്നയിച്ചു. നിയമസഭ ജനുവരി ഒമ്പതാം തീയതി കൂടുന്നതാണെന്ന് ഡിസംബർ ഒന്നിന് മുൻപ് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്തു. പിന്നേയും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സമരം നടത്തിയത് നിയമസഭകൂടി കൂടുന്നതിന് ആവശ്യമായ സമയം അനുവദിച്ച് കിട്ടുന്നതിന് മുൻകൂട്ടി ഉറപ്പ് നൽകാത്തതു കൊണ്ടാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഞാൻ ഉത്തരം പറയേണ്ടതില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കണ്ണൻ: മന്ത്രിമാരുടെ ചില സന്ദർശനാവസരങ്ങളിൽ എതെല്ലാം സ്ഥലങ്ങളിൽ ലാത്തിച്ചാർജുകളും മർദ്ദനങ്ങളും വെടിവയ്പ്പും നടന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കു പറയാമോ?

ശ്രീ. സി. മുഹമ്മദ്കോയ: വെടിവയ്പ്പ് എവിടേയും നടന്നതായി അറിവില്ല. എന്തെല്ലാം നടന്നുവെന്ന് നോട്ടീസ് കിട്ടിയാലേ പറയുവാൻ നിവൃത്തിയുള്ളു.

ശ്രീ. സി. കണ്ണൻ: ക്രമസമാധാനം പാലിക്കേണ്ട ബാധ്യത പോലീസിനാണെന്നു പറഞ്ഞു; ഈ ഗവൺമെൻറ് വന്നശേഷം പോലീസിന് കിട്ടിയ അനിയന്ത്രിതമായ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് മർദ്ദനവും വെടിവയ്പ്പും നടത്തുകയാണോ, പോലീസിൻെറ അധികാരത്തോടുകൂടി ചെയ്യുന്നതാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ക്രമസമാധാനം പാലിക്കേണ്ട ചുമതല പോലീസിനാണെന്നു പറഞ്ഞതിൻെറ അർത്ഥം, പാർട്ടി പ്രവർത്തകരും, രാഷ്ട്രീയകക്ഷികളിൽപ്പെട്ട ആളുകളും നിയമം കൈയ്യിലെടുക്കരുത് എന്നാണ്. അങ്ങനെ പറഞ്ഞതുകൊണ്ടാണ് പോലീസ് ഇങ്ങനെ പ്രവർത്തിക്കുന്നത് എന്ന് പറയുന്നതു ശരിയല്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട്ടെ വെടിവയ്പ്പിൽ എത്രപേർക്കാണ് പരുക്ക് പറ്റിയത്? എത്രപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു? സത്യാഗ്രഹികളുടെ നേരേ, യാതൊരു പ്രകോപനവുമില്ലാതെ പോലീസ് നടത്തിയ ഭയങ്കരമായ ലാത്തിച്ചാർജിൻെറ ഫലമായി—ഫോർട്ടിനു ചുറ്റുമുള്ള കിടങ്ങിൽ 50,000 സത്യാഗ്രഹികളെ അടിച്ച് വീഴ്ത്തിയതിൻെറ ഫലമായി എത്ര പേർ മരിച്ചു?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പാലക്കാട്ടെ വെടിവയ്പ്പിൻെറ ഫലമായി ആകെ മരിച്ചത് നാലുപേർ. പരിക്കേറ്റവരുടേയും മറ്റും കാര്യത്തിൽ, എല്ലാ വെടിവയ്പ്പിൻേറയും കൂടിയുള്ള കണക്കേയുള്ളു.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): വെടിക്കൊണ്ട് ആശുപത്രിയിൽ കിടക്കുന്നവരുടെ കണക്കോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പാലക്കാട്ടേതുമാത്രമായി കണക്കെടുത്തിട്ടില്ല.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): കോട്ട മൈതാനത്ത് ചായ വിൽപ്പന നടത്താൻ പോയ തൊഴിലാളികൾക്ക് വെടികൊണ്ടിട്ടുണ്ടോ, ആർക്കൊക്കെയാണ്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഓരോരുത്തരുടേയും പേര് ഇതിൽ എഴുതിയിട്ടില്ല. പത്രത്തിൽ വന്നിട്ടുള്ള പേരു് എൻെറ കൈയിൽ ഇല്ല.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: മർദ്ദനം നടത്തിയ ക്രമത്തിൽ പോലീസ് വാനിൽ സി. ആർ. പി. ക്കാരെക്കൂടി കൊണ്ടുപോയി വീടുകളിൽ കേറി മർദ്ദനം നടത്തിയതായും സി. ആർ. പി. അവിടെ കാവൽ നിന്നതായും അറിയാമോ? തൈക്കാട്ടുശേരിയിൽ പോലീസ് ലാത്തിച്ചാർജ് നടത്തിയപ്പോഴും സി. ആർ. പി. പോയി പോലീസിനെ സഹായിച്ചതായി അറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെയൊരു സംഭവത്തെക്കുറിച്ച് അറിഞ്ഞുകൂടാ; അങ്ങനെ നിർദ്ദേശം കൊടുത്തിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത കാര്യം വളരെ ഉത്തരവാദിത്വത്തോടുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. തെക്കാട്ട്ശേരിയിൽ രണ്ടു മൂന്ന് വാൻ പോലീസും സി. ആർ. പി.യും ചെന്ന് 36 പുരകൾ പൊളിച്ചു കളഞ്ഞു. സി. സി. കുഞ്ഞന്റെ പുരയും പോലീസുകാരും റൗഡികളും ചേർന്ന് പൊളിച്ചുകളഞ്ഞു. സി. ആർ. പി. ഈ പ്രവർത്തിക്ക് കാവൽ നിന്നു.

മി. സ്പീക്കർ: ഇതിനെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ബഹുമാനപ്പെട്ട മെംബർ ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുത്താൽമതി.

ശ്രീ. എം. കെ. കൃഷ്ണൻ: ഡിസംബർ 1-ാംതീയതി പാലക്കാട്ട് നടന്ന ലാത്തിച്ചാർജിൽ ഈ സഭയിലെ എത്ര അംഗങ്ങൾക്ക് പരിക്കേറ്റു എന്നു പറയാൻ സാധിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഈ സഭയിലെ എത്ര അംഗങ്ങൾക്ക് പരിക്കേറ്റു എന്നുള്ളതിന് പ്രത്യേകം കണക്കില്ല. ഈ സഭയിലെ അംഗങ്ങൾക്ക് പരിക്കേറ്റു എന്ന വിവരം മാത്രമേ അറിയാവൂ.

ശ്രീ. എം. കെ. കൃഷ്ണൻ: ലാത്തിച്ചാർജിന്റെ ഫലമായി പരിക്കേറ്റതിനെക്കുറിച്ച് അന്വേഷണം നടത്തി വിവരം ഈ സഭയെ അറിയിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: സമഗ്രമായ അന്വേഷണം നടത്തുകയാണ്. അതുമുഖേന ഈ കാര്യങ്ങൾ വെളിച്ചത്തുവരും.

ശ്രീമതി കെ. ആർ. ഗൗരി: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും മന്ത്രിക്ക് ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ അധികാരം കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനാണ് ലാത്തിച്ചാർജും 144-ം പ്രഖ്യാപിക്കാൻ അധികാരമുള്ളത്. നമ്മുടെ റവന്യൂമന്ത്രി കൂത്താട്ടുകുളത്തുവച്ച്, ലാത്തിച്ചാർജ് നടത്താൻ ആർഡർ കൊടുത്തിട്ടുണ്ടോ ഉണ്ടെങ്കിൽ ആ അധികാരം അദ്ദേഹത്തിന് കൊടുത്തത് ഏതുവിധത്തിലാണ്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അറിവില്ല.

ശ്രീമതി. കെ. ആർ. ഗൗരി: മന്ത്രി കൂത്താട്ടുകുളത്ത് ചെന്നപ്പോൾ അവിടെ നടന്ന ലാത്തിച്ചാർജിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അന്വേഷിക്കുമെന്ന് ഉറപ്പു പറയാൻ കഴിയുകയില്ല. നിയമസഭയിൽ ചോദിക്കുന്ന ഓരോ ചോദ്യത്തിനും അന്വേഷണം ഏർപ്പാടുചെയ്യാൻ കഴിയുകയില്ല. അന്വേഷണം നടത്തുമോ എന്നതിനെപ്പറ്റി വ്യക്തമായ ഉറപ്പു പറയാൻ കഴിയുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ വിധത്തിൽ, അധികാരമില്ലാതെ, ഏതെങ്കിലും മന്ത്രി ലാത്തിച്ചാർജ് നടത്താൻ ഉത്തരവു കൊടുത്തിട്ടുണ്ടെങ്കിൽ ആ മന്ത്രിയുടെ പേരിൽ കേസ് ചാർജ് ചെയ്യാൻ തയാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ ഉത്തരവ് കൊടുത്തിട്ടില്ലെന്നാണ് അറിയുന്നത്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: 1967-നുശേഷം, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ എത്ര പോലീസ് മർദ്ദനവും ലാത്തിച്ചാർജും നടത്തിയിട്ടുണ്ടെന്നും, എത്രയെണ്ണത്തെപ്പറ്റി പരസ്യാന്വേഷണം നടത്തിയിട്ടുണ്ടെന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അതൊരു നീണ്ട പട്ടികയാണ്.

ശ്രീ. ഇ. അഹമ്മദ്: അച്ചുതമേനോൻ ഗവൺമെന്റിനെക്കൊണ്ട് ലാത്തിച്ചാർജ് നടത്തിക്കുമെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രമുഖ നേതാക്കൻമാർ പ്രഖ്യാപിച്ചിരുന്നു. ആ ആഹ്വാനത്തെ തുടർന്ന് നിയമ നിഷേധവും അക്രമവും അഴിച്ചു വിട്ടതിന്റെ ഫലമായിട്ടല്ലേ വെടിവയ്പ്പ് നടക്കാൻ ഇടയായിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അന്വേഷണം നടന്നാൽ ആ കാര്യങ്ങളെല്ലാം വെളിവാകും.

ശ്രീ. ബി. മാധവൻ നായർ: മാർക്സിസ്റ്റ് പാർട്ടി ഈ ഗവൺമെന്റിനെക്കൊണ്ട് വെടിവയ്പ്പും ലാത്തിച്ചാർജും നടത്തിക്കുമെന്നു പറയുകയും, അതിനുശേഷം, അന്വേഷണത്തിനോട് സഹകരിക്കുകയില്ലെന്ന് പറയുകയും ചെയ്തിട്ടുണ്ട്. അന്വേഷണം നടത്തണമെന്ന് ആവശ്യമുന്നയിക്കാൻ ആഗ്രഹിക്കുന്നില്ല എന്ന് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞിട്ടുള്ളത്, അവരാണ് ഈ കൃത്യം ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിച്ചത് എന്ന കുറ്റം കമ്മീഷൻ വെളിപ്പെടുത്തുമെന്നുള്ളതുകൊണ്ടാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ ഞാൻ പറയുന്നില്ല. ഓരോ സംഗതികളിൽനിന്നു ജനങ്ങളും തീരുമാനമെടുത്തുകൊള്ളും.

ശ്രീ. കെ. ഐ. രാജൻ: ഡിസംബർ 21-ാംതീയതി വൈയ്ക്കം താലൂക്ക് കച്ചേരി പിക്കറ്റ് ചെയ്ത ആളുകളുടെ നേരേ വെടിവയ്പ്പ് നടത്തി; ലാത്തിച്ചാർജ് ചെയ്തു. ശ്രീ. കെ. കരുണാകരനും ശ്രീ ജോസഫ് ചാഴിക്കാടനും അറിയാം. അടുത്തുള്ള ആളുകളെ പിടിച്ചുകൊണ്ടുപോയി മർദ്ദിക്കുകയും ഒരു വീട്ടിലെ സ്ത്രീയുടെ മാല മോഷ്ടിച്ചുകൊണ്ട് പോവുകയും ചെയ്തു. ഇതിനെപ്പറ്റി അന്വേഷണം നടത്തുമോ? വൈയ്ക്കത്തെ വെടിവയ്പ്പിനെപ്പറ്റി അന്വേഷണം നടത്തുകയില്ലെന്നാണ് പറഞ്ഞത്. ആ സ്ഥിതിക്ക് ഇതിനെപ്പറ്റി അന്വേഷണം നടത്തുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പ്രചരണപ്രധാനമായ എല്ലാ കാര്യങ്ങളെക്കുറിച്ചും അന്വേഷണം നടത്താൻ സാധിക്കുകയില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇരിങ്ങാലക്കുടയിൽ യാതൊരു പ്രകോപനവുമില്ലാതെയാണ് ലാത്തിച്ചാർജ് നടത്തിയത്, അതുകൊണ്ട് അതിനെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് വലതുകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉന്നത നേതാവ് ശ്രീ. കെ. വി. കെ. വാര്യർ അഭിപ്രായപ്പെട്ടിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ബഹുമാനപ്പെട്ട കൃഷ്ണൻ പറയുന്നതുപോലെയാണോ അദ്ദേഹം പറഞ്ഞതെന്ന് അറിവില്ല; അങ്ങനെ ഒരു പ്രസ്താവന വായിച്ചതായി ഓർക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. ആര്യൻ: മുസ്ലീംലീഗ് നേതാവായ ശ്രീ. ബാഫക്കി തങ്ങൾ മുസ്ലീംലീഗിന്റെ വാളന്റിയറൻമാർ പോലീസിന്റെ ജോലി ചെയ്യാൻ പോകുന്നതാണെന്നു പരസ്യമായി പ്രഖ്യാപിച്ചതിനുശേഷം, മുസ്ലീംലീഗു് വാളന്റിയറൻമാർ പലരെയും അറസ്റ്റു ചെയ്തു പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയിട്ടുള്ള വസ്തുത ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങിനെയൊരു.....

ശ്രീ. എ. വി. ആര്യൻ: സർ, ഞാൻ ചോദ്യം മുഴുവനും ചോദിച്ചില്ല. അതിനുമുമ്പു മന്ത്രി ഉത്തരം പറയുന്നതു ശരിയാണോ?

മി: സ്പീക്കർ: ചോദ്യം ചോദിച്ചു തീർന്നില്ലേ? ഇനിയുമുണ്ടെങ്കിൽ ചോദിക്കാം.

ശ്രീ. എ. വി. ആര്യൻ: മുസ്ലീംലീഗുകാർ ഇങ്ങനെ നിയമം കൈയിലെടുക്കുന്നതിനു എതിരായി ഗവർമ്മെൻറിൽനിന്നും ആവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുസ്ലിംലീഗും നേതാവും ബാഫക്കിതങ്ങളെക്കുറിച്ച് ഇങ്ങനെ സഭയിൽ ദുരാരോപണം നടത്തുന്നതിനെ ഞാൻ അങ്ങേയറ്റം നിഷേധിക്കുന്നു. മുസ്ലിംലീഗിന്റെ നേതാക്കൻമാരുടെ മേൽ കരിവാരിതേയ്ക്കുന്ന രീതിയിലുള്ള ഇത്തരം പ്രസ്താവനകളെ മുസ്ലിം ലീഗിനെതിരായ പ്രചാരവേലയുടെ ഒരു ഭാഗമായിട്ടാണു ഞാൻ കണക്കാക്കുന്നതു്. ഈ പറഞ്ഞ രീതിയിലുള്ള യാതൊന്നുംതന്നെ മുസ്ലിംലീഗു് വാളന്റിയറൻമാർ ചെയ്തിട്ടില്ല. ജനങ്ങളെ അറസ്റ്റു ചെയ്യുന്നതിനും മറ്റുമുള്ള ഉത്തരവാദിത്വം പോലീസിനു മാത്രമാണ്. പോലീസിനെ നിയമ സമാധാനകാര്യത്തിൽ സഹായിക്കേണ്ടതു ജനങ്ങളുടെ ചുമതലയാണ്. പോലീസിനു നിയമസമാധാനകാര്യത്തിൽ സഹായം ചെയ്യുമെന്നു പറഞ്ഞാൽ നിയമം കൈയിലെടുക്കുമെന്ന് അർത്ഥം വരികയില്ലെന്നു പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഇത്തരത്തിൽ പോലീസു് മർദ്ദനങ്ങളെസംബന്ധിച്ച് അന്വേഷണം നടത്തുകയാണെങ്കിൽ അതിനോടു സഹകരിക്കുകയില്ലെന്നു നിയമസഭയിലെ പ്രതിപക്ഷനേതാവ് ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് പറഞ്ഞിരിക്കുന്ന സ്ഥിതിയ്ക്ക് ഇപ്പോഴും അന്വേഷണം വേണമെന്നു പല പ്രതിപക്ഷനേതാക്കൻമാരും ആവശ്യപ്പെടുന്നത് അവരുടെ പാർട്ടിയിൽ വല്ല മാറ്റവും വരുത്തിയതുകൊണ്ടാണോ? അങ്ങിനെ മാറ്റം വരുത്തിയതായി ഗവർമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവരുടെ പാർട്ടിയെസംബന്ധിച്ചിടത്തോളം ഒരു വ്യാഖ്യാനം നൽകുകയെന്നുള്ളതു വളരെ ദുഷ്കരമായ ഒരു കാര്യമാണ്.

ശ്രീ. പി. കെ. രാഘവൻ: ഡിസംബർ ഒന്നാംതീയതി നടന്ന ആക്രമണങ്ങളെക്കുറിച്ചും വെടിവെയ്പ്പിൽ ഉണ്ടായ മരണങ്ങളെസംബന്ധിച്ചും യാതൊരു അന്വേഷണങ്ങളും നടത്താൻ ആവശ്യപ്പെടുന്നതല്ലെന്ന് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് പ്രസ്താവന പുറപ്പെടുവിച്ചതിനുശേഷം, ഇപ്പോഴും ഈ നിയമസഭയിൽവെച്ച് അദ്ദേഹത്തിന്റെ അനുയായികളും അതിനെപ്പറ്റി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുന്നത് എന്തുകൊണ്ടാണ്? അവരുടെ പാർട്ടിയിൽനിന്നും എന്തെങ്കിലും അഭിപ്രായങ്ങളും ഗവർമ്മെൻറിന്റെ പരിഗണനയിൽ ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇക്കാര്യങ്ങളെസംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിന്റെ പ്രസ്താവന വരുന്നതിനുമുമ്പുതന്നെ അന്വേഷണത്തിനുള്ള ഉത്തരവു നൽകിക്കഴിഞ്ഞു. അവരുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇന്ന അവസരത്തിൽ ഇന്നനിലപാടു സ്വീകരിച്ചുയെന്നുള്ളതിനെപ്പറ്റി എനിക്കു പറയാൻ നിവർത്തിയില്ല.

ശ്രീ. ബേബിജോൺ: അച്യുതമേനോൻ ഗവർമ്മെൻറു സത്യപ്രതിജ്ഞചെയ്തു രണ്ടു ദിവസം കഴിഞ്ഞയുടനെ ശ്രീ. എ. കെ. ഗോപാലൻ, കേരളത്തിലാകെ പോലീസു മർദ്ദനവും ഭീകരഭരണവും നടമാടുകയാണെന്ന് പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതു ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പെട്ടിട്ടുണ്ട്. ആ പ്രസ്താവനയെപ്പറ്റി മനസിലാക്കിയിട്ടുമുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഡിസംബർ ഒന്നാം തീയതി നടന്ന ലാത്തിച്ചാർജ്ജിൽ ഈ സഭയിലെ ചില അംഗങ്ങൾക്ക് മർദ്ദനം ഏറ്റതിനെസംബന്ധിച്ചിടത്തോളമുള്ള വിവരം ആഭ്യന്തരമന്ത്രിക്കു കിട്ടിയിട്ടില്ലെന്നാണോ മനസിലാക്കേണ്ടതു?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അല്ല. ഈ സഭയിലെ ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറൻമാർക്കു കോഴിക്കോട്ടു വച്ചുണ്ടായ ലാത്തിചാർജ്ജിൽ പരിക്കേറ്റിട്ടുണ്ടെന്നുള്ള വിവരം കിട്ടിയിട്ടുണ്ട്. എത്രപേർക്കാണു പരിക്കു പറ്റിയിട്ടുള്ളതിനെപ്പറ്റിയുള്ള ടോട്ടൽ കണക്കു എന്റെ കൈവശം ഇല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഏതെല്ലാം അംഗങ്ങൾക്കാണു പരിക്കേറ്റിട്ടുള്ളതെന്നും, അവർക്കേറ്റിട്ടുള്ള പരിക്കിന്റെ സ്വഭാവം എന്താണെന്നും അന്വേഷിക്കുവാൻ ഗവർമ്മെൻറു തയാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട മെമ്പറൻമാർക്കു പരിക്കേറ്റിട്ടുണ്ടെന്നുള്ള വസ്തുത ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനെസംബന്ധിച്ചുള്ള കണക്ക് എന്റെ കൈവശം ഇപ്പോഴില്ല.

ശ്രീ. എ. പി. കുര്യൻ: പട്ടാളഭരണം നടത്തുന്ന സി. ആർ. പി. ക്കാർ മൃഗീയമായ നിലയിൽ വീടുകളിൽക്കയറി സ്ത്രീകളെ ബലാൽസംഗം നടത്തുന്നതായി ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും ഇവിടെ സി. ആർ. പി. ക്ക് എതിരായി ശക്തിയായ പ്രചാരവേല അഴിച്ചുവിട്ടിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: സി. ആർ. പി. ക്കാർ അർദ്ധരാത്രിയിൽ വീടുകളിൽക്കയറി സ്ത്രീകളെ ഉപദ്രവിക്കുന്നതായും നാട്ടുകാർ അതിൽ ഇടപ്പെട്ടിട്ടുള്ളതായും പത്ര റിപ്പോർട്ടുകൾ ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇങ്ങനെയുള്ള സംഭവങ്ങളെപ്പറ്റി പത്രറിപ്പോർട്ടുകളിൽ പലതും വരാറുണ്ട്. ഇവിടെ സി. ആർ. പി. ക്കു എതിരായി വളരെ വ്യാപകമായി നടത്തുന്ന പ്രചാരവേലയുടെ വെളിച്ചത്തിലാണോ ഇതു പറയുന്നത്?

(പ്രതിപക്ഷ ബെഞ്ചുകളിലുള്ള മെമ്പറൻമാർ നാലഞ്ചുപേർ എഴുന്നേറ്റു നിന്നും എന്തോ വിളിച്ചു ചോദിക്കുന്നുണ്ടായിരുന്നു.)

ശ്രീ. എ. പി. കുര്യൻ: പത്രറിപ്പോർട്ടുകളിൽ വന്നിട്ടുള്ളതു ശരിയല്ലെന്നും, ഇക്കാര്യം ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നുമാണോ പറയുന്നത്?

മി: സ്പീക്കർ: ഗവർമ്മെൻറിനെതിരായി നടത്തുന്ന പ്രചാരവേലയെന്നു പറഞ്ഞാൽ അതു ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നു വരുന്നില്ല. ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവർമ്മെൻറിനെതിരായി നടത്തുന്ന പ്രചാരവേലയുടെ പശ്ചാത്തലത്തിലാണ് ഇതെല്ലാം നടത്തുന്നത്. അതിനെ സംബന്ധിച്ച് അന്വേഷിച്ചതിനുശേഷം മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. പി. കുര്യൻ: പത്രറിപ്പോർട്ടു കാണുകയുണ്ടായില്ലെങ്കിൽ പത്രറിപ്പോർട്ടുകളെ ആധാരമാക്കി ഒരു അന്വേഷണം നടത്തുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബന്ധപ്പെട്ട ആളുകളും അവിടെത്തന്നെ പരാതിപ്പെടുകയും അതിനാവശ്യമായ നടപടികളും എടുക്കുകയും ചെയ്യും. പിന്നെ അക്കാര്യത്തെസംബന്ധിച്ചു മന്ത്രിയുടെ കൈയിൽ പരാതി തന്നാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ ഗവർമ്മെൻറു ഭരണം ഏറെടുത്തതിനുശേഷം ആളുകളെ വെടിവെച്ചതായി കണ്ടു. എന്നാൽ 1957-ൽ സ്ത്രീകളെയും ഗർഭിണികളെയും വെടിവെച്ചുകൊല്ലുകയുണ്ടായി. നിങ്ങളും അതുപോലെ സ്ത്രീകളെയും ഗർഭിണികളെയും വെടിവെച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇല്ല.

(ഈ സമയം പ്രതിപക്ഷബഞ്ചുകളിൽ വലിയ ബഹളമായിരുന്നു)

ശ്രീമതി കെ. ആർ. ഗൗരി: അക്കാര്യം ശ്രീ. അച്യുതമേനോനോടു ചോദിച്ചാലറിയാം.

ശ്രീ. സി. അച്യുതമേനോൻ: അതിൽ ശ്രീ. നമ്പൂതിരിപ്പാടിനും ശ്രീമതി ഗൗരിയമ്മക്കും പങ്കില്ലെന്നു പറയുകയാണെങ്കിൽ ഞാൻ മാത്രം വെടിവച്ചതാണെന്നു സമ്മതിക്കാം.

ശ്രീ. വി. വി. കൃഷ്ണാമൂർത്തി: കോഴിക്കോട്ടും പാലക്കാട്ടും നടന്ന വെടിവെയ്പ്പിനെക്കുറിച്ചു വന്ന അതേ പത്രത്തിൽതന്നെ അനിവാര്യമായ സാഹചര്യത്തിലാണു വെടിവെയ്ക്കാൻ ഇടയായതെന്നുള്ള ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനയും, മാർക്സിസ്റ്റുകാരുടെ ചെയ്തികളുടെ ഫലമായിട്ടാണുണ്ടായതെന്നു മുഖ്യമന്ത്രിയുടെ പ്രസ്താവനയും വരികയുണ്ടായി. ഈ ലാത്തിചാർജുകളെ പൂർണ്ണമായി ന്യായീകരിച്ചതിനുശേഷം ഒരു അന്വേഷണ ഉത്തരവു പുറപ്പെടുവിച്ചത് ആളുകളെ കബളിപ്പിക്കാൻ വേണ്ടിയല്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ജുഡീഷ്യൽ അന്വേഷണമാണ്. അതിനെസംബന്ധിച്ച് ഇപ്പോഴൊരു നിഗമനത്തിൽ എത്തുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആർ. ഡി. ഒ. യുടെ ഉത്തരവു പ്രകാരമാണ് അന്വേഷണ ഉത്തരവു ഇട്ടതു്. അല്ലാതെ മന്ത്രിയുടെ ഉത്തരവു പ്രകാരമല്ല. കൂത്താട്ടുകുളത്തു യോഗം നടന്ന സ്ഥലത്തു ഞാനും ഉണ്ടായിരുന്നു. ഇവിടത്തെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി അവിടെവച്ചു് മൈക്കിൽ കൂടി 'അടിക്കെടാ അവരെ, ഊച്ചാളി മാർക്സിസ്റ്റുകാരെ' എന്നു വിളിച്ചു പറയുകയും, ഒടുവിൽ വളരെ ശക്തിമത്തായി പിന്നീടും 'ഓടുന്നവനെ അടി, ഏ വൺ അടി മാർക്സിസ്റ്റുകാരെ' എന്നു പറയുകയും ചെയ്തു. അന്നു് അവിടെ നടന്ന സംഭവത്തെപ്പറ്റി അന്വേഷണം നടത്തിയില്ലെങ്കിലും അവിടെ വച്ചു് ഈ നിയമസഭയിലെ പല മെമ്പറൻമാർക്കും പരിക്കേറ്റിട്ടുണ്ടു്. അതിനെസംബന്ധിച്ചെങ്കിലും ഒരു അന്വേഷണത്തിനു് തയാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: സർ ശ്രീ. ടി. കെ. രാമകൃഷ്ണൻ എന്നെ സംബന്ധിച്ചു് ഒരു ഗുരുതരമായ ആരോപണം നടത്തിയിരിക്കുന്നതു കൊണ്ടു് അതിനെസംബന്ധിച്ചു് എനിക്കു് ഒരുകാര്യം പറയുവാനുണ്ടു്. രാഷ്ട്രീയ പ്രചരണമാണു നടത്തുന്നതെങ്കിലും അതു കുറെക്കൂടി വിവരത്തോടുകൂടിയും കലാപരമായും നടത്താൻ പഠിക്കണം. പച്ചക്കള്ളം നൂറാവർത്തി പറഞ്ഞാലും ശരിയാകുകയില്ല. ഇരുപത്തിയയ്യായിരത്തോളം ആളുകൾ കൂടിയിരിക്കുന്ന ഒരു സ്ഥലത്തുവെച്ചു ഞാൻ മൈക്കിൽക്കൂടി വിളിച്ചു പറഞ്ഞുവെന്നു പറഞ്ഞാൽ ഇതിൽപ്പരം വിവരക്കേടും വിഡ്ഢിത്തരവും വേറെയൊന്നുംതന്നെയില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

(ഈ സമയം പ്രതിപക്ഷ ബഞ്ചുകളിലുള്ള മെമ്പറൻമാർ ''വിവരക്കേടും വിഡ്ഢിത്തരവും'' എന്നുള്ള വാക്കുകൾ പിൻവലിക്കണമെന്നു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു)

മി. സ്പീക്കർ: ഈ സഭയിൽവച്ചു് ആരുംതന്നെ വിവരക്കേടും വിഡ്ഢിത്തരവും എന്നു പറയാൻ പാടില്ലാത്തതാണു്. ബഹുമാനപ്പെട്ട മന്ത്രി അതു പിൻവലിക്കേണ്ടതാണു്.

ശ്രീ. കെ. ടി. ജേക്കബ്: ഞാൻ ആ വാക്കുകൾ പിൻവലിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്റെ ജീവിതത്തിൽ ഇതുവരെയായിട്ടു് ഒരിക്കൽപോലും ഓർമ്മക്കുറവോടുകൂടി സംസാരിക്കേണ്ടി വന്നിട്ടില്ല. ഓർമ്മക്കുറവും വിഡ്ഢിത്വവും മന്ത്രിക്കാണുണ്ടായിട്ടുള്ളതു്.

(ഈ സമയം ഭരണകക്ഷി ബഞ്ചുകളിൽ ഇരുന്ന മെമ്പറൻമാർ ബഹളം കൂട്ടുകയും ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞതു് പിൻവലിക്കണമെന്നു് വിളിച്ചു പറയുകയും ചെയ്തു).

മി. സ്പീക്കർ: വിഡ്ഢിത്വവും വിവരക്കേടും എന്നു് മന്ത്രി പറഞ്ഞതു് അദ്ദേഹം പിൻവലിച്ചു. പിന്നെയും ആ വാക്കുകൾ ഇവിടെ ആവർത്തിക്കുന്നതു് ശരിയല്ല. ശ്രീ. ടി. കെ. രാമകൃഷ്ണൻ തറപ്പിച്ചു പറയുന്നു മന്ത്രി മൈക്കിൽകൂടി വിളിച്ചു പറയുന്നതു് കേട്ടുവെന്നു്. മന്ത്രി പറയുന്നു മന്ത്രി അങ്ങിനെയൊന്നുംതന്നെ പറഞ്ഞിട്ടില്ല അതു് പച്ചക്കള്ളമാണെന്നു്. ഇവർ രണ്ടുപേരുടേയും ഉത്തമ വിശ്വാസ്യതയെ സംബന്ധിച്ചു് ആരു പറഞ്ഞതാണു് ശരി, ആരു പറഞ്ഞതാണു് തെറ്റു് എന്നുള്ളതിനെസംബന്ധിച്ചു് ഈ സഭയിൽവച്ചു് നമ്മളാരും തന്നെ തീരുമാനം എടുക്കേണ്ടതില്ല. ഇവിടെ പറയുന്നതെല്ലാംതന്നെ നിയമസഭയുടെ റിക്കാർഡിൽ കാണും. പോരെങ്കിൽ ഇപ്പോൾ ടേപ്പു് റിക്കാർഡുണ്ടു്. ഇവിടെ പറഞ്ഞിട്ടുള്ളതെല്ലാംതന്നെ അതിൽ റിക്കാർഡും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ രണ്ടു വിധത്തിലുള്ള അഭിപ്രായങ്ങൾ വന്ന സ്ഥിതിക്ക് അതിൽ ഏതാണ് ശരി, ഏതാണ് തെറ്റ് എന്നറിയുന്നതിന് ഈ നിയമസഭയിൽനിന്നും ഒരു കമ്മിറ്റിയെ നിയമിച്ച് അന്വേഷണം നടത്തുന്നതിനു തയാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങിനെ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുതന്നെയാണ് ശരിയെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതിൻെറ ശരിയെപ്പറ്റി അവിടെയുള്ള ആളുകൾക്ക് അറിയാം. ഈ നിയമസഭയിൽവന്നുനിന്ന് ഇങ്ങനെയെല്ലാം പറഞ്ഞിട്ടു കാര്യമില്ല.

ശ്രീ. ഇ. അഹമ്മദ്: കോഴിക്കോട്ടുനടന്ന ലാത്തിച്ചാർജ്ജിനെപ്പറ്റി അന്വേഷണം നടത്തുന്നതിന്, അവിടെ നടന്ന ലാത്തിച്ചാർജ്ജിനെപ്പറ്റി ശരിയായിട്ടുള്ള തെളിവു കൊടുക്കുന്നതിന് ലാത്തിച്ചാർജ്ജിൽ പ്രതിഷേധിക്കുന്നവർ തയാറാകുന്നില്ലയെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് മറ്റു ലാത്തിച്ചാർജുകളെപ്പറ്റി അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഒരു ലാത്തിച്ചാർജ്ജിനെപ്പറ്റി അന്വേഷണം നടത്തുന്നതിന് ആരും തെളിവു കൊടുത്തില്ലെന്നുള്ളതുകൊണ്ട് വേറെ ലാത്തിച്ചാർജുകളെപ്പറ്റി അന്വേഷിച്ചു കൂടായെന്നില്ല.

ശ്രീ. കെ. എം. ജോർജ്: കൂത്താട്ടുകുളത്തു നടന്ന യോഗത്തിൽ ഞാനും സംബന്ധിച്ചിരുന്നു. അവിടെ ചെറിയ തോതിൽ ഞാൻ ചെല്ലുന്നതിനു കുറച്ചുമുമ്പു ഒരു ലാത്തിച്ചാർജ് നടന്നതു ശരിയാണ്. പക്ഷെ ശ്രീ. രാമകൃഷ്ണൻ പറഞ്ഞതുപോലെയൊന്നുംതന്നെ അവിടെ നടന്നില്ല. യോഗം നടന്നുകൊണ്ടിരുന്നപ്പോൾ മാർക്സിസ്റ്റുകാർ ചെത്തുകത്തിയും ഊരിക്കൊണ്ട് ആക്രമണം നടത്തുകയും അതിനെത്തുടർന്ന് അത് തടയുന്നതിനുവേണ്ടി ഒരു ചെറിയതോതിൽ ലാത്തിച്ചാർജു നടത്തുകയും ചെയ്തു. പിന്നെ പ്രചരണത്തിനുവേണ്ടി മാത്രം ഇപ്രകാരം പറയുന്നത് വളരെ സങ്കടകരമാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി വളരെ കഴിഞ്ഞതിനുശേഷമാണ് അവിടെ എത്തിയത്. ലാത്തിച്ചാർജ് നടത്തി ആളുകളെല്ലാം പിരിഞ്ഞു പോയതിനുശേഷമാണ് ബഹുമാനപ്പെട്ട കെ. എം. ജോർജ് അവിടെ വന്നത്. ഞാനും അവിടെയുണ്ടായിരുന്നു.

മി. സ്പീക്കർ: ഇതിനെസംബന്ധിച്ച് കാൺ്ടവേർഷ്യലായി ഒരു ചർച്ച നടത്തി മുന്നോട്ടുകൊണ്ടുപോകുന്നതു ശരിയല്ല. ഇങ്ങനെ പോയാൽ ഒരു നിഗമനത്തിലും എത്താൻ സാധിക്കുകയില്ല. നമുക്ക് അടുത്ത ചോദ്യത്തിലേക്ക് കടക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സാധാരണ വെടിവെയ്പ്പ് കഴിഞ്ഞാൽ മരിക്കുന്നവർക്ക് ഗവൺമെൻറിൽനിന്നും എന്തെങ്കിലും സഹായം ചെയ്തു കൊടുക്കുക പതിവാണ്. ഇതിൽ മരണപ്പെട്ടവർക്ക് അങ്ങിനെ യാതൊരു സഹായവും ചെയ്യുകയില്ലെന്നു പറയാനുള്ള കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ പറഞ്ഞില്ല. സഹായം കൊടുക്കണമോ വേണ്ടയോ എന്നതിനെപ്പറ്റി ഗവൺമെൻറ് ഇതുവരെയും തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly